# ഒ.എം.സി-2021

# സാർഥകമായ ചർച്ചകൾ

# ക്രിയാത്മക നിർദ്ദേശങ്ങൾ

കോവിഡാനന്തര ആഗോളതൊഴിൽ വിപണിയുടെ സ്പന്ദനങ്ങൾ കേരളയുവതയ്ക്ക് പകർന്നു നൽകിയ ഓവർസീസ് എംപ്ലോയേഴ്‌സ് കോൺഫറൻസ് -2021 സാർഥകമായ ചർച്ചകളുടെയും ക്രിയാത്മക നിർദ്ദേശങ്ങളുടെയും വേദിയായി.

ഗൾഫ് രാജ്യങ്ങളിലെ പുതിയ സാധ്യതകൾ പങ്കുവയ്ക്കാൻ അംബാസിഡർമാർ അടക്കമുള്ള മുതിർന്ന നയതന്ത്ര പ്രതിനിധികളും അന്തർദേശിതലത്തിലെ തൊഴിൽദാതാക്കളും എത്തി. മലയാളികളെ കാത്തിരിക്കുന്ന പുതിയ തൊഴിൽ മേഖലകളായ ജർമനി, ജപ്പാൻ എന്നിവിടങ്ങളിലെ അവസരങ്ങളെ കുറിച്ച് സംസാരിക്കാനും അവിടങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ എത്തിയത് സമ്മേളനത്തിൽ പങ്കെടുത്ത യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമായി.

എക്കാലത്തും പ്രവാസ കേരളത്തിന്റെ ഹൃദയഭൂമിയായ മധ്യേഷയെ കുറിച്ച് നടന്ന ചർച്ചയിൽ യു എ ഇ, സൗദി അറേബ്യ, ഖത്തർ, കുവൈറ്റ് എന്നീ രാജ്യങ്ങളിലെ നയതന്ത്രപ്രമുഖർ സംബന്ധിച്ചു.

ഇന്ത്യ-യു എ ഇ ബന്ധത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ച യു.എ ഇ ഇന്ത്യൻ അംബാസഡർ പവൻ കുമാർ കോവിഡാനന്തരലോകത്ത് ആ ഡം തൊഴിൽ മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടു. എണ്ണഖനന മേഖലയിലും നിർമാണ മേഖലയിലുമാണ് മുൻപ് ഇന്ത്യൻ തൊഴിലാളികൾ തൊഴിൽ കത്തെിയിരുന്നതെങ്കിൽ പുതിയ കാലത്ത് ഓട്ടോമേഷൻ, റോബോട്ടിക്സ്, പശ്ചാത്തല വികസനം, വിദ്യാഭ്യാസം, അധ്യാപനം, ആരോഗ്യം തുടങ്ങിയ മേഖലകളിലും തൊഴിൽ സാദ്ധ്യതകൾ തുറക്കുകയാണ്. ഈ സാഹചര്യം ഉപയോഗപ്പെടുത്താൻ ഇന്ത്യയിലെ തൊഴിലാളികൾക്ക് കഴിയണം. കായിക അധ്വാനത്തിൽ മാത്രമല്ല പ്രവാസി തൊഴിൽ ഉള്ളതെന്നും വൈറ്റ് കോളർ തൊഴിലുകൾക്കും നമുക് കഴിയുമെന്ന് മനസിലാക്കി അതിനായി തയ്യാറെടുക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സൗദിയുടെ മിഷൻ 2030 പ്രവാസി തൊഴിലാളികൾക്കായി നിരവധി അവസരങ്ങളാണ് വിവിധ മേഖലയിൽ തുറക്കുന്നതെന്ന് സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ ഡോ. ഔസെഫ് സയീദ് അദ്ദേഹം

വ്യക്തമാക്കി. സാങ്കേതിക മേഖലയിൽ 40000 മുതൽ 50000 വരെ വിസകൾ നൽകിയതായി അദ്ദേഹം പറഞ്ഞു. സൗദിയിൽ ഉൾപ്പടെ ഉയർന്നു വരുന്ന മൂന്നാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമാകാൻ ഇന്ത്യയിലെ ജനങ്ങൾക്കും പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾക്ക് കഴിയണമെന്നും ഔസെഫ് വ്യക്തമാക്കി. ഡിജിറ്റൽ വിദ്യാഭ്യാസവും, തൊഴിൽ നൈപുണ്യവും അനിവാര്യതയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്ത്രീകൾക്കുള്ള സാധ്യതയെക്കുറിച്ച് കുവൈറ്റിലെ ഇന്ത്യൻ മിഷൻ ഫസ്റ്റ് സെക്രട്ടറിയായ സ്മിത പാട്ടീൽ ചൂണ്ടിക്കാട്ടി. നഴ്സിംഗ് , ഹോസ്പിറ്റാലിറ്റി എന്നിവയ്ക്കപ്പുറത്തേയ്ക്ക് കഴിവിനും വിദ്യാഭ്യാസത്തിനും അനുസരിച്ചുള്ള തൊഴിൽ നേടുന്നതിന് സ്ത്രീകൾക്ക് കഴിയുമെന്നും അതിന് നൈപുണ്യ വികസനം അത്യാവശ്യമാണെന്നും സ്മിത പാട്ടീൽ വ്യക്തമാക്കി.

ഖത്തർ എംബസി സെക്കൻഡ് സെക്രട്ടറി സോനാ സോമൻ ഖത്തറിൽ നിലവിലുള്ള തൊഴിൽ സാധ്യതകൾ വിശദീകരിച്ചു. വിജ്ഞാനാധിഷ്ഠിത സാമ്പത്തിക ഘടന കെട്ടിപ്പടുക്ക ഖത്തറിൽ വിദ്ഗ്ദ്ധ മേഖലയിൽ വൻ സാധ്യതകൾ ഉള്ളതായി അവർപറഞ്ഞു. ഖത്തർ മിഷൻ 2030 എന്ന ദൗത്യത്തിന് ഖത്തർ തുടക്കമിട്ടു കഴിഞ്ഞു. തൊഴിൽ നൈപുണ്യമാണ് ഖത്തറിൽ പ്രധാനമെന്നും അവർ ചൂണ്ടിക്കാട്ടി.

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ശ്രീ പ്രൊഫ. സുനിൽ മാനി മോഡറേറ്ററായിരുന്നു.

നാഫി മുഹമ്മദ്

പി.ആർ.ഒ

നോർക്ക